<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3512</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കാലിക്കറ്റ് സർവ്വകലാശാലാ വനിതാ ഹോസ്റ്റലിലെ അടുക്കള നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലാ വനിതാ ഹോസ്റ്റലിലെ അടുക്കളയിൽ 2015-2020 കാലഘട്ടത്തിൽ നടത്തിയ നവീകരണ പ്രവൃത്തികൾ വിശദമാക്കുമോ; | (എ) | 2016-17 കാലഘട്ടത്തിൽ വനിതാ ഹോസ്റ്റലിൽ ആയിരം കുട്ടികൾക്ക് പൂർണമായും യന്ത്രവൽക്കരിക്കപ്പെട്ട രീതിയിൽ ഭക്ഷണം പാകം ചെയ്യുന്നതിനുള്ള ഒരു മെക്കനൈസ്ഡ് മോഡേൺ കിച്ചൺ യൂണിറ്റ് രൂപകൽപന ചെയ്ത് സജ്ജമാക്കിയിരുന്നു. പ്രസ്തുത പ്രവർത്തിയുടെ പേര് DESIGN AND INSTALLATION & COMMISSIONING OF ONE MECHANIZED MODERN KITCHEN UNIT 1000 STUDENTS CAPACITY IN THE LADIES HOSTEL ANNEX (PARIJATHAM BLOCK) എന്നാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുകയും, പ്ലാൻ ഫണ്ട്/തനത് ഫണ്ട്/യു.ജി.സി. ഫണ്ട് എന്നിവയിൽ ഏത് ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തികൾ നടത്തിയതെന്നും വിശദമാക്കുമോ; | (ബി) | പന്ത്രണ്ടാം പദ്ധതി കാലത്ത് 'സ്റ്റുഡന്റ്സ് എമിനിറ്റീസ് ഇൻക്ലൂഡിംഗ് ഹോസ്റ്റൽസ്' എന്ന സ്കീമിന് അനുവദിച്ചിട്ടുള്ള യു.ജി.സി ഫണ്ട് കാലിക്കറ്റ് സർവ്വകലാശാല വനിതാ ഹോസ്റ്റലിന്റെ അടുക്കള നവീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്ക് ആകെ ചെലവായ 41,98,000/- രൂപ യു.ജി.സി. XII Plan ഫണ്ടിൽ നിന്നാണ് വകയിരുത്തിയത്. |
| (സി) | പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | കാലിക്കറ്റ് സർവ്വകലാശാല വനിതാ ഹോസ്റ്റലിലെ അനക്സ് ബിൽഡിംഗിലെ അടുക്കളയിൽ 26.08.2017 ലാണ് മെക്കനൈസ്ഡ് കിച്ചൻ പ്രവർത്തനമാരംഭിച്ചത്. ഏകദേശം 700 ഓളം കുട്ടികൾ ഭക്ഷണം കഴിക്കുന്ന മെസ്സിൽ കാലതാമസം കൂടാതെ വേഗതയിലും പാകത്തിനും ജോലിഭാരം ലഘൂകരിച്ചുകൊണ്ടും മെസ്സ് നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | നവീകരിച്ച അടുക്കള പൂർണ്ണമായും പ്രവർത്തനസജ്ജമാണോ എന്ന് വ്യക്തമാക്കുമോ; | (ഡി) | നവീകരിച്ച അടുക്കള ഇപ്പോൾ പൂർണമായും പ്രവർത്തന സജ്ജമല്ല. |

| | | | |
|---|---|---|---|
| (ഇ) | നവീകരിച്ച പ്രസ്തുത അടുക്കള ഒട്ടും പ്രവര്‍ത്തനസജ്ജമല്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (ഇ) | നവീകരിച്ച അടുക്കള പൂര്‍ണമായും പ്രവര്‍ത്തന സജ്ജമാക്കാന്‍ സാധിച്ചിട്ടില്ല. തുടര്‍ നടപടികള്‍ പുരോഗമിക്കുന്നുണ്ട്. |
| (എഫ്) | പ്രസ്തുത അടുക്കള നവീകരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവൃത്തിയില്‍ അഴിമതി ആരോപിച്ചുകൊണ്ട് 01.01.2022 മുതല്‍ 31.05.2022 വരെയുള്ള കാലയളവില്‍ ഏതെങ്കിലും പരാതികള്‍ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ പ്രസ്തുത പരാതിയിന്മേല്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ; | (എഫ്) | 16.06.2022 ന ശ്രീ. അയ്യപ്പന്‍ വീട്ടില്‍ എന്ന വ്യക്തിയില്‍ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചു വരുന്നു. |
| (ജി) | എങ്കില്‍ ആരോപണവിധേയമായ പ്രസ്തുത പ്രവൃത്തിയുടെ മേല്‍നോട്ട ചുമതലയുണ്ടായിരുന്ന എന്‍ജിനീയര്‍മാര്‍ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ജി) | യൂണിവേഴ്സിറ്റി എന്‍ജിനീയര്‍ ശ്രീ.അബ്ദുള്‍ നാസര്‍, എക്സിക്യൂട്ടീവ് എന്‍ജിനീയറായ ശ്രീ.മോഹന്‍ദാസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എന്‍ജിനീയര്‍ ശ്രീ.ജയന്‍ പാടശ്ശേരി, അസിസ്റ്റന്റ് എന്‍ജിനീയര്‍ ശ്രീ.രഞ്ജിത് കെ.എല്‍. എന്നിവരാണ് പ്രവൃത്തിയുടെ മേല്‍നോട്ടം വഹിച്ചിരുന്നത്. |

സെക്ഷന്‍ ഓഫീസര്‍